**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- സ്പെഷ്യൽ റൂളിനു വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകിയത് - ശ്രീ.എ.ഗോവിന്ദരാജ് തുടങ്ങിയവർ സമർപ്പിച്ച നിവേദനം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.നമ്പർ 350/2015-മേലുള്ള 24.03.2015 തീയതിയിലെ വിധി നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

**സർക്കാർ ഉത്തരവ് (സാധാ)നമ്പർ.2730/2015/ തസ്വഭവ,** തിരുവനന്തപുരം, തീയതി, 08.09.2015

---

പരാമർശം :- 1. ജി.ഒ.(പി) നമ്പർ 44/2011/തസ്വഭവ, തീയതി, 16.02.2011.

2. സ.ഉ.(സാധാ) നമ്പർ 2309/2014/തസ്വഭവ, തീയതി 03.09.2014.

3. ശ്രീ.എ.ഗോവിന്ദരാജ് തുടങ്ങിയവർ സമർപ്പിച്ച 30.09.2014 തീയതിയിലെ നിവേദനം.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.നമ്പർ 350/2015-മേലുള്ള 24.03.2015 തീയതിയിലെ ഉത്തരവ്.

5. ഗ്രാമവികസന കമ്മീഷണറുടെ 06.05.2015 തീയതിയിലെ 7797/എസ്റ്റാബി1/2015/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)ലെ ഉത്തരവ് പ്രകാരം ഗ്രാമവികസന വകുപ്പിലെ സ്റ്റേറ്റ് സർവ്വീസ് തസ്തികകൾക്കായി സ്പെഷ്യൽ റൂൾ പരിഷ്കരിച്ചപ്പോൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് ബിരുദം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിക്കപ്പെട്ടിരുന്നു. ഉത്തരവ് 16.02.2011 ന് തന്നെ പ്രാബല്യത്തിൽ വന്നെങ്കിലും തുടർന്ന് വന്ന രണ്ട് DPCകളും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി//ജില്ലാ വനിതാക്ഷേമ ഓഫീസർ/അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (WD) തസ്തികകളിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് ബിരുദം നിർബന്ധമാണെന്ന കാര്യം പരിഗണിക്കാതെ ബിരുദമില്ലാത്തവരേയും സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും തുടർന്ന് ഇവർക്ക് മേലുറഞ്ഞ തസ്തികകളിൽ താൽക്കാലിക പ്രൊമോഷൻ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതിനുശേഷമുള്ള DPC-കൾ സ്പെഷ്യൽറൂൾ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് ബിരുദമില്ലാത്തവരെ മേലുറഞ്ഞ തസ്തികകളിലേക്ക് പരിഗണിക്കുന്ന രീതി ഒഴിവാക്കുകയും ബിരുദമുള്ളവരെ മാത്രം ടി തസ്തികകളിലേയ്ക്ക് പരിഗണിക്കുകയും ചെയ്തു.

നിലവിലെ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രൊമോഷൻ [illegible] ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.No.246/2014- [illegible]

നടപ്പിലാക്കിക്കൊണ്ട് പരാമർശം(2) പ്രകാരമുള്ള ഉത്തരവിൽ, 16.02.2011-ന് സ്പെഷ്യൽ റൂൾ നില വന്നതിനു ശേഷം വ്യവസ്ഥകൾക്ക് വിരുദ്ധമായി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടുകയും സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകി, ടി വിഷയം റിവ്യൂ ചെയ്യുന്നതിനായി അഡ് ഹോക്ക് ഡി.പി.സി.(ലോവർ) മുമ്പാകെ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

2011-ൽ പുതിയ സ്പെഷ്യൽ റൂൾ നിലവിൽ വന്ന ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന താല്കാലികമായി നിയമിക്കപ്പെട്ട ബിരുദമില്ലാത്ത 14 ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സർക്കാരിൽ ഒരു ഹർജി സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ മറ്റ് പല വകുപ്പുകളിലും സ്റ്റേറ്റ് സർവ്വീസിലേക്ക് താഴെത്തട്ടിൽ നിന്നുമുള്ള ഉദ്യോഗസ്ഥന്മാർക്ക് ബൈ ട്രാൻസ്ഫർ നിയമനങ്ങൾ നൽകുമ്പോൾ അവിടെയൊന്നും ബിരുദം നിർബന്ധമാക്കുന്നില്ല എന്നും, ഗ്രാമവികസന വകുപ്പിൽ മാത്രം ബിരുദം നിർബന്ധമാക്കിയ നടപടി അനീതിയാണെന്നും ആകയാൽ ബി.ഡി.ഒ. തസ്തികയ്ക്ക് ബിരുദം നിർബന്ധമാക്കിയ പരാമർശം (2)ലെ ഉത്തരവിലെ ബന്ധപ്പെട്ട വ്യവസ്ഥ KS&SSR- Part II റൂൾ 39 പ്രകാരം റദ്ദ് ചെയ്യണമെന്നുമാണ് നിവേദനത്തിലെ പ്രധാന ആവശ്യം. റിട്ടയർമെന്റിന്റെ വക്കിൽ എത്തിനിൽക്കുന്ന ഇവർക്ക് തരംതാഴ്ത്തൽ മാനസികമായ വിഷമങ്ങൾ ഉണ്ടാക്കുമെന്നും കുടുംബത്തിനു മുന്നിലും സമൂഹത്തിനു മുന്നിലും ഇവർ അപമാനിതരാകുമെന്നും ആകയാൽ ബിരുദം വേണമെന്ന നിബന്ധന ഒഴിവാക്കി ഇവരെ സർവ്വീസിൽ റഗുലറൈസ് ചെയ്യണമെന്നും പ്രസ്തുത ഹർജിയിൽ ടി ഉദ്യോഗസ്ഥർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ മേൽ നിവേദനം പരിശോധിച്ചുവരവേ ടി ഉദ്യോഗസ്ഥർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 350/2015 ഹർജി ഫയൽ ചെയ്യുകയും, ആയതിന്മേലുള്ള പരാമർശം (4) പ്രകാരമുള്ള വിധിയിൽ വിധിപകർപ്പ് ലഭിച്ച് മൂന്നു മാസത്തിനുള്ളിൽ ഇവരെ നേരിൽ കേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളാനും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

മേൽ ഉത്തരവ് പ്രകാരം കക്ഷികളെ 11.06.2015ന് നേരിൽ കേൾക്കുകയുണ്ടായി. നേർക്കാഴ്ച സമയത്ത് ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ ഇവർ വീണ്ടും ഉന്നയിക്കുകയുണ്ടായി. ജോയിന്റ് ബി.ഡി.ഒ. തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ഇവരെ ബിരുദമില്ലെന്ന വസ്തുത അറിഞ്ഞുകൊണ്ടുതന്നെ DPC ലിസ്റ്റിൽ ഉൾപ്പെടുത്തി ബി.ഡി.ഒ. തസ്തികയിലേക്ക് താല്കാലിക നിയമനം നൽകിയത് സർക്കാരാണെന്നും, DPC ലിസ്റ്റ് പ്രസിദ്ധീകരിച്ച് പ്രൊമോഷൻ നൽകി വർഷങ്ങൾക്ക് ശേഷം ഇവരെ ബിരുദമില്ലെന്ന കാരണത്താൽ തരംതാഴ്ത്തൽ നടപടിക്ക് വിധേയമാക്കുന്നത് സാമാന്യനീതിയുടെ ലംഘനമാകുമെന്നും, ഏതെങ്കിലും തരത്തിലുള്ള തരംതാഴ്ത്തൽ സഹിക്കാനുള്ള

മാനസികാരോഗ്യം ഇവർക്കില്ലെന്നും, യാതൊരു തെറ്റും ചെയ്യാത്ത ഇവരെ തരംതാഴ്ത്തിയാൽ അത് സമൂഹത്തിൽ ഇവർക്കെതിരെ തെറ്റായ ധാരണകൾ പടരാൻ സാഹചര്യമൊരുക്കുമെന്നും, ഇത്തരം അവസ്ഥ ഒഴിവാക്കാനായി തരം താഴ്ത്തൽ ഒഴിവാക്കി സർവ്വീസിൽ തുടരാനും മാന്യമായി പെൻഷൻപറ്റി പിരിയാനും അവസരം ഒരുക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത നിവേദനത്തിന്മേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 16.02.2011-ന് മുമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായി താല്ക്കാലിക സ്ഥാനക്കയറ്റം ലഭിച്ച് പ്രസ്തുത തീയതിക്കു ശേഷം കേഡർ സ്ട്രെങ്ത്തിൽ ഉണ്ടാകുന്ന ഒഴിവിൽ ബിരുദയോഗ്യതയില്ലാത്തവരേയും റെഗുലറൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ O.A.No.350/15 നമ്പർ കേസിലെ കക്ഷികളുൾപ്പെടെയുള്ള 16.02.2011-ന് ശേഷം 2014 വരെ താല്ക്കാലികമായി പ്രൊമോഷൻ ലഭിച്ചവർക്ക് കൂടി ടി ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്പെഷ്യൽ റൂളിലെ വ്യവസ്ഥ പ്രകാരമല്ലാതെ പ്രൊമോഷൻ നല്കിയതാണ് ഇപ്പോഴത്തെ സാഹചര്യമുണ്ടാക്കിയത്. Rabindra Nath Bose and others V. Union of India and others (AIR) 1970 SC 470), K.R.Mudgal and Others V.R.P. Singh and others (1986) 4 SCC 531 തുടങ്ങിയ വിവിധ വിധിന്യായങ്ങളിൽ സ്ഥാനക്കയറ്റം നൽകി വർഷങ്ങൾക്കു ശേഷം ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റങ്ങൾ റദ്ദാക്കുന്നത് അനീതിയാണെന്നും, അത് ഉദ്യോഗസ്ഥർക്കിടയിൽ അവരുടെ അവസ്ഥയെക്കുറിച്ച് ഒരു അരക്ഷിത ബോധം സൃഷ്ടിക്കുമെന്നും ബഹു.സുപ്രീം കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ കേസിൽ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ഡി.പി.സി.യുടെ അംഗീകാരത്തോടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. തസ്തികയിലേക്ക് റഗുലർ ആയി സ്ഥാനക്കയറ്റം അനുവദിച്ചിട്ട് രണ്ടു വർഷത്തോളമാകുന്നു. അതിനു ശേഷം, നിയമനാധികാരിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചമൂലം, അവരുടെ സ്ഥാനക്കയറ്റം റദ്ദാക്കുന്നത് സ്വാഭാവിക നീതിക്ക് നിരക്കുന്നതല്ല. ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ഗ്രാമവികസന കമ്മീഷണർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം റദ്ദ് ചെയ്യുന്നതിനും, ക്രമപ്രകാരമല്ലാതെ (സ്പെഷ്യൽ റൂളിന് വിരുദ്ധമായി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ജില്ലാ വനിതാക്ഷേമ ഓഫീസർ/അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ(WD) തസ്തികകളിലേയ്ക്ക് താല്ക്കാലികമായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച്, KS&SSR ഭാഗം II ചട്ടം 39 സർക്കാരിനു നൽകുന്ന പ്രത്യേക അധികാരം വിനിയോഗിച്ച്, മേല്പറഞ്ഞ തസ്തികകളിൽ അവരുടെ നിയമനം ക്രമവൽക്കരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. ഈ

സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥരുടെ നിയമനം ക്രമവൽക്കരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (4) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ മുഖേന:

ശ്രീ.എ.ഗോവിന്ദരാജ്, സെക്രട്ടറി, മങ്കട ബ്ലോക്ക് പഞ്ചായത്ത്,
ശ്രീ.ഒ.കൃഷ്ണൻ, സെക്രട്ടറി, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്,
ശ്രീ.ദിവാകരൻ.കെ, സെക്രട്ടറി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്
ശ്രീമതി.പൊൻസിനി.പി, ജില്ലാ വനിതാ ക്ഷേമ ഓഫീസർ, പാലക്കാട്
ശ്രീമതി.എലിസ.പി.ഡി, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (WD), ദാരിദ്ര്യ ലഘൂകരണ വിഭാഗം, കാക്കനാട്, എറണാകുളം.
ശ്രീമതി.ദേവകി.എൻ.കെ, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (WD), ദാരിദ്ര്യ ലഘൂകരണ വിഭാഗം,, മലപ്പുറം
ശ്രീമതി.ഇന്ദിര.എ.ജി, എ.ഡി.സി.ജനറൽ ഓഫീസ്, കോഴിക്കോട്
ശ്രീമതി.ലക്ഷ്മി.എ, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (WD), ദാരിദ്ര്യ ലഘൂകരണ വിഭാഗം, കണ്ണൂർ
ശ്രീ.മീരാൻകുഞ്ഞ്.ടി.ബി. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പാമ്പാക്കുട, എറണാകുളം
ശ്രീ.ബാബു ജോസഫ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, തൊടുപുഴ, കോലാനി.പി.ഒ.
ശ്രീ.രാജൻ നായർ.എം.പി, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കഞ്ഞിക്കുഴി, എസ്.എൻ.പുരം.പി.ഒ.

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം ബ്രാഞ്ച് (with C/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ